

# SSLC EXAMINATION MARCH 2022
# LAYALAM I – ANSWER KEY: BY SURESH AREEKODE, HST(MAL) GHSS KUZHIMANNA, MALAPPURAM PH:9562521509

| | | |
|---|---|---|
| 1 | പെരുവഴിയമ്പലത്തിലെ കൂട്ടായ്മ അസ്ഥിരവും യാദൃശ്ചികവും തുടർച്ചയില്ലാത്തതുമാണ് | |
| 2 | എല്ലാത്തിനെയും അടക്കുന്നവൻ | |
| 3 | അഭിമാന ബോധം | |
| 4 | നളിനിയെ/ നളിനിയുടെ മുഖത്തെ | |
| 5 | ദരിദ്രനായതുകൊണ്ട് | |
| 6 | കലി | |
| 7 | മുത്തിത്തള്ളയുടെ മകന് എഴുതിയ കത്തുകൾ | |
| 8 | ആ പ്രാർത്ഥനയിൽ സ്വാർത്ഥതയുള്ളതിനാൽ | |
| 9 | ഉള്ളിലെ താപം | |
| 10 | തന്റെ നന്മ ആഗ്രഹിക്കുന്നവരും തന്നിൽനിന്ന് നന്മപ്രതീക്ഷിക്കുന്നവരും ഉണ്ടെങ്കിൽ ആരും തന്നെ ഒരിക്കലും തിന്മയിലേക്ക് വഴുതി വീഴില്ല. | |
| 11 | ◆ തനിമയാർന്ന ജീവിതത്തെ അതിന്റെ മാനവിക ഭാവത്തിൽ പ്രകീർത്തിക്കുന്നു.<br>◆ അമാനുഷ ശക്തിയും തന്ത്രങ്ങളും ഇല്ലാത്ത പച്ചമനുഷ്യന്റെ നന്മകൾ (സ്നേഹം, ദയ, കാരുണ്യം) ഉള്ള മനുഷ്യനാകാൻ കവി ആഗ്രഹിക്കുന്നു. | |
| 12 | ◆ തച്ചുടയ്ക്കാൻ മാത്രം ചുറ്റിക എടുക്കുന്നവർ<br>◆ ഡ്രഗ്ഗുകൾ തേടി പോകുന്ന പുതു തലമുറ.<br>◆ ലോക സാംസ്കാരിക പൈതൃകങ്ങളുടെ മൂല്യം തിരിച്ചറിയാത്ത പുതുതലമുറ | |
| 13 | ◆ ചുട്ടുപഴുത്ത ലോഹത്തിൽ വീഴുന്ന വെള്ളത്തുള്ളികൾ പെട്ടെന്ന് ബാഷ്പീകരിച്ച് പോകും<br>◆ അതിന് സമാനമായ മനുഷ്യജീവിതാവസ്ഥ / പെട്ടെന്ന് നശിക്കും<br>◆ മനുഷ്യജീവിതത്തിന്റെ നശ്വരത ബോധ്യപ്പെടുത്താൻ പര്യാപ്തം/<br>◆ ലൗകിക ജീവിതത്തിലെ താല്പര്യമാണ് ലക്ഷ്മണനെ കുപിതനാക്കുന്നത്.<br>◆ ക്രോധംകൊണ്ട് കാര്യമില്ലെന്ന ഉപദേശം | |
| 14 | ◆ അപരാജിത എന്ന രക്ഷ (മാരീച ഭഗവാൻ കെട്ടിക്കൊടുത്തത്)<br>◆ അച്ഛനും അമ്മയും സർവ്വദമനനും മാത്രമേ സ്പർശിക്കാനാവൂ.<br>◆ മറ്റുള്ളവർ തൊട്ടാൽ ചരട് പാമ്പായി മാറും. സ്പർശിച്ചയാളെ കടിക്കും.<br>◆ ഒരു പരിചയവുമില്ലാത്ത ഒരാൾ വന്നിട്ട് സർവ്വദമനന്റെ കയ്യിൽനിന്നു വീണ രക്ഷയെടുത്തിട്ട് കെട്ടികൊടുക്കുന്നു.<br>◆ അദ്ദേഹത്തിനൊന്നും സംഭവിക്കുന്നില്ല | |

| | | |
|---|---|---|
| | ◆ താപസിമാർ അത്ഭുതപ്പെടുന്നു. | |
| 15 | ◆ കണ്ടയുടനെ തിരിച്ചറിയാത്തതിൽ ദുഃഖിക്കുന്നു.<br>◆ ദിവാകരൻ  സന്യാസ ജീവിതത്തിന് പോകുമ്പോൾ നളിനി കുട്ടിയായിരുന്നു.<br>◆ വർഷങ്ങൾക്ക് ശേഷം കാണുമ്പോൾ യുവതിയായിരിക്കുന്നു. (തളിര് - വള്ളിയായി മാറി)<br>◆ വളർച്ചയിൽ കണ്ട വ്യത്യാസം കാരണം നളിനിയെ തിരിച്ചറിയാനാകാതെ പോയി | |
| 16 | ◆ ഏതു വിധേനയും നേടിയ വിജയം<br>◆ യുദ്ധവ്യവസ്ഥകൾ ലംഘിച്ചു.- ഭീമൻ ദുര്യോധനന്റെ തുടയെല്ല് തല്ലി തകർത്തു. മരണാസന്നനാകുന്നത്<br>◆ തെറ്റായ മാർഗ്ഗത്തിലൂടെയും ചതിപ്രയോഗത്തിലൂടെയുമാണ് പാണ്ഡവർ വിജയം നേടിയത് എന്ന ധ്വനി<br>◆ ധർമ്മയുദ്ധം അധർമ്മ യുദ്ധമായി മാറി | |
| 17 | ◆ പ്രസാധകൻ സ്റ്റെല്ലോവ്സ്കിയോടുള്ള കടപ്പാട്<br>◆ പുസ്തകം എഴുതികൊടുക്കാമെന്ന് പറഞ്ഞ് മുൻകൂട്ടി പണം കൈപ്പറ്റിയത്<br>◆ പുസ്തക കരാർ യഥാസമയം പൂർത്തിയാക്കാൻ കഴിയാത്തതിലെ പ്രതിഷേധം/ അമർഷം<br>◆ അനുഭവിക്കുന്ന വൈകാരികാവസ്ഥ, പ്രസാധകനോടുമുള്ള പരുഷമായ പെരുമാറ്റമാവുന്നത്.<br>◆ എഴുത്തുകാരെ ചൂഷണം ചെയ്ത് ജീവിക്കുന്ന പ്രസാധകരോടുള്ള വെറുപ്പ്. [ദസ്തയോവ്സ്കി  അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾ/ എല്ലാ ചരടുകളും കെട്ടുപ്പിണഞ്ഞ്  ജീവിതം പിടയുന്ന അവസ്ഥ ഭാര്യടെ മരണം / ചേട്ടന്റെ മരണം/സാമ്പത്തിക ആവശ്യങ്ങൾ] | |
| 18 | ◆ സുധീർ - മിസ്സിസ് തലത്ത് - കഥ/ കഥാപാത്രങ്ങൾ<br>◆ വർഷങ്ങൾക്ക് ശേഷമുള്ള കണ്ടുമുട്ടൽ/  മിസ്സിസ് തലത്തിനെ തിരിച്ചറിയാൻ കഴിയാത്തത് / വേഷം<br>◆ സുധീറിന്റെ ശബ്ദം തിരിച്ചറിയുന്നു-  ബന്ധത്തിന്റെ ഊഷ്മളത/മനസ്സിനെ അടയാളപ്പെടുത്തുന്നത്.<br>◆ അത് ഭുതവും വൈകാരികത നിറഞ്ഞതുമായ പശ്ചാത്തലം<br>◆ മിസ്റ്റർ തലത്ത് ഉണ്ടായിരുന്നപ്പോഴത്തെ ഔപചാരിക ബന്ധം/ മാഡം തലത്ത്<br>◆ ദീർഘനാളിന് ശേഷമുള്ള കണ്ടുമുട്ടലിന്റെ കൗതുകം , അമ്പരപ്പ് , സ്നേഹ വായ്പ്. | |
| 19 | ◆ അഹങ്കാരത്തോടൊപ്പം എത്തുന്ന ആത്മവിശ്വാസം<br>◆ ലോകത്ത് എന്നെ അറിയാത്തവരായി ആരുമില്ല എന്ന ഭാവം<br>◆ അന്യരിൽ വിശ്വാസം ജനിപ്പിക്കാനുള്ള കഴിവ്<br>◆ ഉദ്ദിഷ്ട കാര്യ സിദ്ധിക്ക് സാഹചര്യമൊരുക്കുന്നതിൽ സമർത്ഥൻ/ (നളപുഷ്കര ഭേദം വേണ്ട/ ഞാനവന്റെ ശത്രു, നിന്റെ മിത്രം)<br>◆ മറ്റുള്ളവരുടെ വിശ്വാസം ആർജ്ജിക്കാനുള്ള കഴിവ്  - ധനം / ബന്ധുബലം / | |

| | | |
|---|---|---|
| | ആത്മധൈര്യം/ രാജ്യം തന്നെ തരുന്ന എന്ന ഉറപ്പ് | |
| 20 | ◆ യുദ്ധത്തിൽ മഹാവിജയം നേടി എന്ന് കരുതിയത്<br>◆ വിജയം ഒന്ന് പകൽ വെളിച്ചത്തിൽ കാണാൻ കഴിയാതെ മഹാപരാജയമായി<br>◆ പട കുടീരത്തിലെത്തി ദ്രൗണിയും കൂട്ടരും സകലരെയും കൂട്ടക്കുരുതി ചെയ്തത്<br>◆ പാണ്ഡവർക്ക് / യുധിഷ്ഠിരന് മഹാനിരാശയാകുന്നത്.<br>◆ സമുദ്രം താണ്ടി സമ്പാദ്യംകൊണ്ട് വരുന്ന കച്ചവടക്കാരൻ ഒരു കൈത്തോട്ടിൽ വെച്ച് മുങ്ങിപ്പോയതുപോലെയായി പാണ്ഡവരുടെ അവസ്ഥ | |
| 21 | ◆ അക്കർമാശി - ശരൺകുമാർ ലിംബാവളെയുടെ ജീവിതാനുഭവങ്ങൾ<br>◆ ജാതീയവും വംശീയവുമായ വിവേചനം<br>◆ ബാല്യത്തിലെ ദാരിദ്ര്യം /പാർശ്വവത്കരണം/ മഹർ സമുദായക്കാരൻ<br>◆ അക്കർമാശി - പേരിന്റെ ഔചിത്യ സൂചന<br>◆ അനാഥത്വം , അറിവ് നേടാനുള്ള ആഗ്രഹം<br>◆ ചപ്പൾഗാവിലെ പഠനം<br>◆ ചപ്പുചവറുകളുടെ വിലപോലുമില്ലാത്ത ജീവിതങ്ങൾ | |
| 22 | ◆ സൂചന നൽകുന്നുണ്ട് - മനോഹരമായ വാങ്മയ ചിത്രം/ കാവ്യഭാഷയുടെ സൗന്ദര്യം<br>◆ മകനെ കാണാതെ തിരിച്ചെത്തുന്ന പിതാവിന്റെ ആത്മസംഘർഷങ്ങൾ വെളിവാക്കുന്ന വിവരണം<br>◆ (ഒരേയൊരു വെളുത്തപ്പൂവെച്ച ഏകാന്തമായ ശവകുടീരം, ഇടവലം ഉലഞ്ഞ് വീട് അടുത്തുവരുന്നു.)<br>◆ ഖനിത്തൊഴിലാളിയായ മകന്അപകടം സംഭവിച്ചതറിഞ്ഞ് അന്വേഷിച്ചിറങ്ങുന്ന പിതാവിന്റെ ദുഃഖം, വൈകാരികാവസ്ഥ സൂചന<br>◆ കണ്ടെത്താനാകാതെ തിരിച്ചെത്തുന്ന പിതാവ് അനുഭവിക്കുന്ന മാനസിക സംഘർഷം.<br>◆ വീട്ടുകാരോട് എന്ത് പറയുമെന്ന നിസ്സഹായാവസ്ഥ<br>◆ ദുഃഖം, മരണം, നിസ്സഹായത അടയാളപ്പെടുത്താൻ / കഥാന്ത്യത്തെ കുറിച്ച് സൂചന നൽകാൻ കഴിയുന്നു. | |
| 23 | ◆ പാവങ്ങളിലെ മെത്രാൻ- മനുഷ്യ സ്നേഹത്തിന്റെ ആൾരൂപം. (ആമുഖം, ഉള്ളടക്കം, ഉപസംഹാരം - ഘടന പാലിച്ചിട്ടുണ്ട്.)<br>◆ വിശക്കുന്നവന് ഭക്ഷണവും, ആശ്രയവും നൽകി<br>◆ കുറ്റവാളിയിലും നന്മ കാണുന്നു.<br>◆ നന്മയുടെ പ്രതീകം<br>◆ ലാളിത്യം, വിശ്വമാനവികത<br>◆ മനുഷ്യ സ്നേഹി<br>◆ സമത്വവും സാഹോദര്യവുംപുലർത്തുന്നു.<br>◆ ചെറിയ കുറ്റത്തിന് വലിയ ശിക്ഷ നൽകുന്ന നിയമ വ്യവസ്ഥക്ക് പകരം തെറ്റുകൾക്ക് മാപ്പ് നൽകുന്ന സ്നേഹത്തിന്റെ വ്യവസ്ഥ. | |

| | | | |
|---|---|---|---|
| 24 | ◆ ആസ്വാദനാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br>(ആശയം - ഭാഷ – സ്വന്തം നിരീക്ഷണം ),<br>◆ തലക്കെട്ട്<br>◆ കഥ,കഥാകൃത്ത്, പരിചയപ്പെടുത്തൽ<br>◆ പ്രയോഗഭംഗി-ഗദ്യഭാഷയുടെ കാവ്യാത്മകത- ഉദാഹരണം<br>**പ്രമേയം** :അച്ഛനും മകനും തമ്മിലുള്ള അതിതീവ്രമായ ആത്മബന്ധം<br>**ആശയം** - ഗ്രാമീണന്റെ നിസ്സഹായാവസ്ഥ/ദാരിദ്ര്യം/ കൂട്ടായ്മ<br>◆ മകനെ രക്ഷിക്കാൻ കഴിയാത്ത അച്ഛൻ<br>◆ **കാലിക പ്രസക്തി:** അശരണരായ /ദരിദ്രരായ മനുഷ്യരുടെ ജീവിതാവസ്ഥ എല്ലാ കാലത്തും ഒരുപോലെ .<br>◆ സമാന രചനകൾ -പരിചയപ്പെടുത്തിയിട്ടുണ്ട്.<br>◆ സ്വന്തം നിരീക്ഷണം ചോർത്തിട്ടുണ്ട്. | | |
| VISIT MUKULAM MALAYALAM YOU TUBE CHANNEL FOR MORE RESOURCES | | | |

Visit www.shenischool.in To Join our telegram Group click https://t.me/joinchat/VggdwFAM7Wwu